പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1511 — 05-02-2019-ലെ മറുപടിയ്ക്ക്

## കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ എത്ര ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചു; എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി; ഏതെല്ലാം മേഖലയിലെ കർഷകരെ ഇതു ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ 236649.5 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതിൽ 18545.25 കോടി രൂപയുടെ നഷ്ടം ഉണ്ടായി. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് നാളിതുവരെ എന്തെല്ലാം സഹായങ്ങൾ നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചു ; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു ; വിശദമാക്കാമോ ; | (ബി) | മഹാപ്രളയത്തിൽ സംഭവിച്ച കൃഷി നാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,38,376 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 67.92 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന വിഹിതമായി 224610 കർഷകർക്ക് 110.45 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളി, മണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽമൂലം കൃഷി ഭൂമി നഷ്ടപ്പെട്ടവർക്കും 621.33 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമയോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും |

| | | | |
|---|---|---|---|
| | | | വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | വെള്ളപ്പൊക്കം മൂലം കൃഷി നാശം സംഭവിച്ച കർഷകർ, ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നെടുത്ത കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിലെ സഹകരണ ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കാർഷികാവശ്യത്തിനായി എടുത്ത വിവിധ തരം വായ്പകളിൽമേൽ ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഘടകം | രൂപ (കോടി) |
|---|---|---|
| 1 | ധാന്യവിളകൾക്കുണ്ടായ നാശനഷ്ടം | 816.48 |
| 2 | പയറുവർഗ്ഗങ്ങൾക്കുണ്ടായ നാശനഷ്ടം | 0.45 |
| 3 | പച്ചക്കറികൾക്കും കിഴങ്ങ് വർഗ്ഗ വിളകൾക്കുമുണ്ടായ നാശനഷ്ടം | 1539.90 |
| 4 | ഫലവർഗ്ഗവിളകൾക്കുണ്ടായ നാശനഷ്ടം | 2335.51 |
| 5 | സുഗന്ധവ്യഞ്ജന വിളകൾക്കുണ്ടായ നാശനഷ്ടം | 9753.99 |
| 6 | എണ്ണക്കുരുവിളകൾക്കുണ്ടായ നാശനഷ്ടം | 248.74 |
| 7 | ഔഷധസസ്യ വിളകൾക്കുണ്ടായ നാശനഷ്ടം | 1.50 |
| 8 | കരിമ്പ് കൃഷിക്കുണ്ടായ നാശനഷ്ടം | 0.55 |
| 9 | തോട്ടവിളകൾക്കുണ്ടായ നാശനഷ്ടം | 3848.13 |
| | **ആകെ** | **18545.25** |

സെക്ഷൻ ഓഫീസർ